പത്രക്കുറിപ്പ്:

കേരള സാഹിത്യ അക്കാദമി ആപ്പീസ്
തൃശൂർ. 13-2-2011

**ജഢസമൂഹത്തെ ചലനാത്മകമാക്കാൻ**
**സാഹിത്യകാരൻ ഇടപെടണംഃ അഴീക്കോട്**

കാണികളായി മാറിനിൽക്കുകയും രംഗത്ത് ഇറങ്ങിപ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന പ്രതികരണമറ്റവരുടെ നിർജ്ജീവമായ ഈ കാലത്ത് ചോരയൊഴുകുന്നത് ആസ്വദിച്ച് നോക്കിനിൽക്കുന്നവർ ചോരയൊഴുക്കുന്നവനെ കാണാതിരിക്കുകയാണെന്ന് സുകുമാർ അഴീക്കോട് പറഞ്ഞു. സാഹിത്യ അക്കാദമി 55-ാം വാർഷികത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്നലെ പെയ്ത മഴയിൽ കെട്ടിക്കിടക്കുന്ന ഇറവെള്ളമല്ല മലയാളസാഹിത്യം. നൂറ്റാണ്ടുകൾക്കുമുമ്പേ പെയ്തുവീണ് സമുദ്രലക്ഷ്യത്തിലേക്കു പാഞ്ഞുപോകുന്ന മഹാപ്രവാഹമാണത്. തത്ത്വചിന്തകൻ ചിന്തകൊണ്ട് എത്തിച്ചേരുന്ന ലോകങ്ങളിലേക്ക് എഴുത്തുകാരൻ അന്തർദർശനംകൊണ്ടു ചെന്നെത്തുന്നു. ഭാഷക്ക് ആപത്തുകളും തരക്കേടുകളും ബാധിക്കുമ്പോൾ ആരോഗ്യപരിരക്ഷ നൽകുകയാണ് എഴുത്തുകാരന്റെ ചുമതല. ആ ചുമതല ഏറ്റെടുക്കുവാൻ അക്കാദമി ദിശാബോധം നൽകണമെന്ന് അഴീക്കോട് പറഞ്ഞു. ക്ലാസിക്കൽ ഭാഷാപദവി ലഭിച്ചില്ലെങ്കിലും ക്ലാസിക്കൽ സാഹിത്യം മലയാളത്തിലുണ്ടെന്ന് മലയാളിക്ക് അഭിമാനിക്കാമെന്ന് അഴീക്കോട് കൂട്ടിച്ചേർത്തു.

പ്രൊഫ.കടത്തനാട്ട് നാരായണൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ അക്കാദമി വൈസ്പ്രസിഡണ്ട് പ്രഭാവർമ്മ അദ്ധ്യക്ഷത വഹിച്ചു. മലയാളഭാഷക്ക് ക്ലാസിക്കൽ പദവി വേണമെന്ന് ആവശ്യപ്പെടുന്ന കേരളജനതയ്ക്ക് അതിനുള്ള മുന്നുപാധിയായി ഭാഷയുടെയും സംസ്കാരത്തിന്റെയും കാര്യത്തിൽ ആത്മാഭിമാനമുണ്ടാവണമെന്ന് പ്രഭാവർമ്മ പറഞ്ഞു. സ്വന്തം ഭാഷയേയും സംസ്കാരത്തേയും സ്നേഹിക്കാത്തൊരു ജനതക്ക് ആ ഭാഷക്ക് പദവി വേണമെന്ന് ആവശ്യപ്പെടാൻ എന്ത് അവകാശമാണുള്ളത്? ഏത് ഭൗതികാവശ്യത്തിനുവേണ്ടിയും മറ്റുഭാഷകളെ കൈയ്യൊഴിയാൻ തയ്യാറുള്ള മനസ്സിന്റെ ഉടമയാവുകയാണ് മലയാളികൾ ആദ്യം ചെയ്യേണ്ടത്. നിർഭാഗ്യവശാൽ അതുണ്ടാവുന്നില്ല. ഒരു വശത്ത് ക്ലാസിക്കൽ പദവി ആവശ്യപ്പെടുകയും മറുവശത്ത് നിത്യവ്യവഹാരതലത്തിൽനിന്നുപോലും മലയാളത്തെ പുറത്താക്കുകയും ചെയ്യുന്ന കാഴ്ചയാണ് ഇന്ന് കേരളീയരുടെ ഭാഗത്ത് കാണുന്നതെന്ന് പ്രഭാവർമ്മ കൂട്ടിച്ചേർത്തു. അശോകൻ ചരുവിൽ, കെ.പി.രാമനുണ്ണി, ബേബിജോൺ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. തുഞ്ചൻ സ്മാരക പ്രബന്ധമത്സരത്തിൽ സമ്മാനം നേടിയ സി.വി.സുധീറിന് പ്രഭാവർമ്മ പുരസ്കാരം നൽകി. സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച കേരളപ്പഴമ(സോമശേഖരൻ), സംസ്കൃതസാഹിത്യാവലോകനം(ഡി.ശ്രീമാൻ നമ്പൂതിരി), ചെറുകാട് എഴുത്തും കരുത്തും(ഇയ്യങ്കോട് ശ്രീധരൻ), കിഞ്ചനവർത്തമാനം(ചെമ്മനം ചാക്കോ), എം.എസ്.മേനോൻ ജീവിതവും ദർശനും(ധർമ്മരാജ് അടാട്ട്), മലയാളപത്രപ്രവർത്തനം പ്രാരംഭസ്വരൂപം(ജി.പ്രിയദർശനൻ), എസ്.ജമീലിന്റെ തെരഞ്ഞെടുത്ത കൃതികൾ(എസ്.എ.ജമീൽ), എസ്.എൽ.പുരം അരങ്ങിലെ പടഹധ്വനി(കെ.എം.രാഘവൻനമ്പ്യാർ), നിർമ്മിതിചരിത്രവും ചരിത്രനിർമ്മിതിയും(ഡോ.ടി.പവിത്രൻ), തിരുക്കുറൾ(വിവർത്തനംഃകാമാക്ഷിക്കുട്ടിയമ്മ) എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെട്ടു. ചടങ്ങിന് പൊന്ന്യം ചന്ദ്രൻ നന്ദി രേഖപ്പെടുത്തി.

ഉച്ചയ്ക്കുശേഷം നടന്ന അവാർഡുജേതാക്കളുടെ സംഗമം മലയാളഭാഷ അന്യംനിന്നുപോകുന്നതിലുള്ള വ്യാകുലതകൾ പങ്കുവെക്കുന്നതിനുള്ള വേദിയായി മാറി. മലയാളഭാഷയും സംസ്കാരവും ദുർബലമാകുന്നതിനെതിരെ മലയാളിസമൂഹം ജാഗരൂകരാകണമെന്ന് സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് സച്ചിദാനന്ദൻ പറഞ്ഞു. സംസ്കാരത്തിലെ പരിണാമങ്ങളും ഗ്രാമങ്ങളുടെ നഗരവൽക്കരണവും സാമൂഹികവും സാമ്പത്തികവുമായുള്ള വ്യതിയാനങ്ങളും ആഗോളീകരണം ഭാഷയുടെമേൽ നടത്തുന്ന ആധിപത്യവുമെല്ലാം നമ്മുടെ മാതൃഭാഷ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇത്തരം സങ്കീർണ്ണതകളെ അതിജീവിക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങളാണ് ഉണ്ടാവേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. നിർവ്വാഹകസമിതിയംഗം അമൃത സ്വാഗതം പറഞ്ഞ സംഗമത്തിൽ കെ.ഇ.എൻ. മോഡറേറ്ററായിരുന്നു. പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ. പ്രൊഫ.ജോസഫ് മറ്റം, മുല്ലനേഴി, സാറാ തോമസ്, മലയത്ത് അപ്പുണ്ണി, എ.ശാന്തകുമാർ, പ്രൊഫ.ടി.പ്രദീപ്, മുസഫർ അഹമ്മദ്, ആശാലത, സുമംഗല, പി.ശ്രീകുമാർ, ഡോ.എൻ.എം.നമ്പൂതിരി, സുസ്മേഷ് ചന്ത്രോത്ത് എന്നിവർ സംവാദത്തിൽ ഇടപെട്ടുകൊണ്ട് സംസാരിച്ചു.

പുരുഷൻ കടലുണ്ടി
സെക്രട്ടറി